## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2924** — **22.02.2016-ൽ മറുപടിക്ക്**

## സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് സുസ്ഥിര നഗര വികസന പദ്ധതികൾ നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ് - സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | കേരള സുസ്ഥിര നഗരവികസന പദ്ധതി അഞ്ച് നഗരസഭകളിലായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ 46 എണ്ണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 6 ജലസേചന പദ്ധതികളും, 2 സ്വീവറേജ് പദ്ധതികളും, 4 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളും, 9 റോഡ് പ്രവൃത്തികളും, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട 25 പാക്കേജുകൾക്ക് സാമഗ്രികൾ വാങ്ങി നൽകിയതും ഉൾപ്പെടുന്നു. 19 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അവയിൽ 2 ജലവിതരണ പദ്ധതികളും 11 സ്വീവറേജ് പദ്ധതികളും, 5 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളും, 5 |

ഖരമാലിന്യ പദ്ധതികളും ഒരു റോഡ് പ്രവൃത്തിയും ഉൾപ്പെടുന്നു. ഇവകൂടാതെ ചേരി വികസനത്തിനായി കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ച് 429 പദ്ധതികൾ പൂർത്തീകരിക്കുകയും 15 പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തലത്തിലും, നഗരസഭാ തലത്തിലും, പ്രോജക്ട് ഡയറക്ടർ തലത്തിലും, ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നഗരകാര്യ മന്ത്രി ചെയർമാനായി നിലവിലുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കി വരുന്നു.

Manju

സെക്ഷൻ ഓഫീസർ